"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ശ്രീമതി.മായ.എൻ.പിള്ള-യ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.324/2025/TAXES തീയതി,തിരുവനന്തപുരം, 04-04-2025

പരാമർശം:- 1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 31/05/2022 ലെ SLTY/407/2022-E7 നമ്പർ നടപടി തീർപ്പ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 07/11/2023 ലെ SLTY/5063/2023-E2 നമ്പർ കത്ത്

3. 23.02.2024 ലെ സ.ഉ(സാധാ)നം.162/2024/നികുതി

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ നിന്നും ശ്രീ.സുരേന്ദ്രൻ.ബി 31.05.2022 അപരാഹ്നത്തിൽ വിരമിച്ചപ്പോൾ പ്രസ്തുത ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (വില്പന) ശ്രീമതി.മായ.എൻ.പിള്ള-യ്ക്ക് 01.06.2022 പൂർവാഹ്നം മുതൽ 27.07.2022 വരെ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നല്കിയ പരാമർശം (1) പ്രകാരമുള്ള നടപടി സാധൂകരിച്ച് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (വില്പന) ശ്രീമതി.മായ.എൻ.പിള്ള-യ്ക്ക് ജോയിന്റ് ഡയറക്ടറുടെ (അഡ്മിനിസ്ട്രേഷൻ)പൂർണ്ണ അധിക ചുമതല നല്കിയ നടപടി സാധൂകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം 1, ചട്ടങ്ങൾ 53(b) (2) [as amended vide G.O(P)No.88/2017/Fin dated 11.07.2017], 53A II(c), 53(c) എന്നിവ പ്രകാരം ശ്രീമതി.മായ.എൻ.പിള്ള-യ്ക്ക് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.06.2022 മുതൽ 27.07.2022 വരെയുള്ള കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/14/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 05-04-2025 09:34:28
സെക്ഷൻ ഓഫീസർ